# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 190

13.02.2013ൽ

മറുപടിക്ക്

### കേരളത്തിൽ കേന്ദ്രം നടപ്പിലാക്കാൻ പോകുന്ന പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരിം<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, എം.ചന്ദ്രൻ<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരള ഉദ്ഘാടനവേളയിൽ കേരളത്തിൽ കേന്ദ്രം നടപ്പിലാക്കാൻ പോകുന്ന എന്തെല്ലാം പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;<br><br>ബി) പ്രഖ്യാപിച്ച ഓരോപദ്ധതികളുടെയും നിർമ്മാണം ഏതെല്ലാം തീയതികളിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | എ) & ബി) എമർജിംഗ് കേരള യുടെ ഉദ്ഘാടനപ്രസംഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായ പദ്ധതികളെക്കുറിച്ചുള്ള പരാമർശമാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നടത്തിയത്. ഏഴിമലയിലെ ഇന്ത്യൻ നേവൽ അക്കാഡമി, തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന ബ്രഹ്മോസ് ഏറോ സ്പേസ്, പുതുവൈപ്പിനിലെ പ്രകൃതിവാതക റിഗ്യാസിഫിക്കേഷൻ ടെർമിനൽ, തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ &റിസർച്ച് (IISER), കാസർഗോഡുള്ള സെൻട്രൽ യൂണിവേഴ്സിറ്റി മുതലായ സ്ഥാപനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പരാമർശിക്കുകയുണ്ടായി. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയെക്കുറിച്ചും സംസാരിക്കുകയുണ്ടായി. വല്ലാർപാടം പദ്ധതിയ്ക്ക് പ്രയോജനമാകും വിധം കബോട്ടാഷ് നിയമത്തിൽ ഭേദഗതി വരുത്തുമെന്ന തീരുമാനവും പ്രഖ്യാപിച്ചു. അതിനനുസൃതമായി ഡിസംബർ |

12 ന് കബോട്ടാഷ് നിയമത്തിലെ നിയന്ത്രണങ്ങൾ ലഘൂകരിച്ച് ഷിപ്പിംഗ് മന്ത്രാലയം വിജ്ഞാപനം ഇറക്കുകയും ചെയ്തു. ഇതുകൂടാതെ സംസ്ഥാന സർക്കാർ ബി.പി.സി എല്ലുമായി 18,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഉടമ്പടി ഒപ്പു വയ്ക്കുകയുണ്ടായി.

| | |
|---|---|
| സി) ആഗോള നിക്ഷേപക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതെല്ലാം ഘട്ടങ്ങളിലാണ്; ജിമ്മിന്റെ ഭാഗമായി എത്ര കോടിയുടെ പുതിയ സ്വകാര്യ നിക്ഷേപം ഇതിനകം ഉണ്ടായിട്ടുണ്ട് ? | സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴൽ ഏകദേശം 339.70കോടി രൂപ മുതൽമുടക്കുവരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 12 എണ്ണത്തിന്റെ ധാരണാപത്രം ജിമ്മിൽ ഒപ്പുവച്ചിട്ടുള്ളതാണ്. ബാക്കിയുള്ള 7 ജിം പദ്ധതികൾക്കുള്ള ധാരണാ പത്രം ജിമ്മിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. ഒപ്പു വച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**